LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 21, വെള്ളി

നിയമസഭ 1986 നവംബർ 21–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കേരളാ ഷിപ്പിംഗ് കോർപ്പറേഷൻ

*448 [478] ശ്രീ. ഇ. പത്മനാഭൻ:
,, ടി. കെ. അബ്ദു:
,, ടി. കെ. ഹംസ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷൻ എന്നാണ് രൂപീകരിച്ചത്;

(ബി) ഈ കോർപ്പറേഷന്റെ വകയായി ഇപ്പോൾ എത്ര കപ്പലുകൾ ഉണ്ട്;

(സി) പ്രസ്തുത കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശങ്ങൾ എന്തൊക്കെയാണ്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 25–5–1974–ൽ.

(ബി) ഇപ്പോൾ ഒന്നുംതന്നെയില്ല.

(സി) പ്രധാനമായും ഷിപ്പിംഗ് സർവ്വീസും അതുമായി ബന്ധപ്പെട്ട മറ്റു ജോലികളും നടത്തുകയെന്നുള്ളതായിരുന്നു കോർപ്പറേഷന്റെ ഉദ്ദേശ്യം.

ശ്രീ. ഇ. പത്മനാഭൻ: കപ്പലില്ലാത്ത കോർപ്പറേഷൻ റിവൈവ് ചെയ്യണമെന്നാണോ അതോ ലിക്വിഡേറ്റ് ചെയ്യണമെന്നണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? കോർപ്പറേഷനിൽ കപ്പലില്ലാതായിട്ട് തന്നെ വർഷങ്ങളായല്ലോ.

ശ്രീ. പി. കെ. വേലായുധൻ: ഷിപ്പിംഗ് കോർപ്പറേഷൻ കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുമായി അമാൽഗമേറ്റു ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഇ. പത്മനാഭൻ: നമ്മുടെ റോഡുവഴിയുള്ള ഗതാഗതം വികസിപ്പിക്കാനുള്ള സാദ്ധ്യത വളരെ കുറവാണ്. അതുപോലെ റെയിൽവേയിലും കഴിഞ്ഞ മുപ്പതുവർഷങ്ങളായി വലിയ വികസനമൊന്നും ഉണ്ടായിട്ടില്ല. ഇൻഡ്യൻ ഉപഭൂഖണ്ഡത്തിന്റെയും കേരളത്തിന്റെയും കിടപ്പും കേരളത്തിലെ ഒട്ടേറെ തുറമുഖങ്ങളുടെ സൗകര്യവും വച്ചുകൊണ്ട് എറ്റവും മധികം ചരക്കുഗതാഗതം നമ്മുടെ കടൽത്തീര—ജല ഗതാഗതത്തിൽകൂടിയാണ് മുമ്പ് നടത്തിയിരുന്നത്. ഇന്ന് അത് നാമമാത്രയായി കുറഞ്ഞിരിക്കുകയാണ്. ഈ വസ്തുത പരിഗണിച്ചുകൊണ്ട് ഷിപ്പിംഗ് കോർപ്പറേഷൻ ഇൻലാന്റ് നാവിഗേഷൻ അല്ലാതെ കടൽതീരദേശ ചരക്കുഗതാഗതത്തിന് ഉപയുക്തമായ രീതിയിൽ പുനരാവിഷ്ക്കരിക്കുകയും കപ്പൽ വാങ്ങി ചരക്ക് ഗതാഗതരംഗത്ത് കൂടുതൽ മെച്ചപ്പെട്ട സേവനം നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഇക്കാര്യങ്ങളെല്ലാം വളരെ വിശദമായി പരിശോധിച്ചതാണ്. ഏതാണ്ട് ചരക്കുഗതാഗതത്തെ ഉദ്ദേശിച്ചുകൊണ്ടു തന്നെയാണ് 'കിൻകോ' രൂപീകരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് 'കിൻകോ'യുമായി അമാൽഗമേറ്റ് ചെയ്യുവാൻ 1956—ലെ കമ്പനീസ് ആക്ട് സെക്ഷൻ 396 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. അബ്ദു: ഇൻഡ്യയിലെ ഏതെങ്കിലും പ്രൈവറ്റ് കമ്പനികൾക്ക് ഷിപ്പിംഗ് കോർപ്പറേഷൻ കപ്പലുണ്ടാക്കിക്കൊടുക്കാമെന്ന് എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ? ഉണ്ടാക്കിക്കൊടുക്കാത്തതിന്റെ പേരിൽ എന്തെങ്കിലും നഷ്ടം കോർപ്പറേഷനുണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: എന്റെ കയ്യിലുള്ള രേഖയിൽ അങ്ങനെയുള്ള ഒരു വിവരം കാണുന്നില്ല.

ശ്രീ. ടി. കെ. അബ്ദു: അങ്ങനെ എഗ്രിമെന്റ് ഉണ്ടാക്കിയിട്ട് കപ്പലുണ്ടാക്കിക്കൊടുത്തിട്ടില്ലെന്നും അതിന് നഷ്ടം കൊടുക്കണമെന്നും പറഞ്ഞ് പത്രങ്ങളിലൊക്കെ റിപ്പോർട്ട് വന്നതാണ്. അത് മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ഇല്ല.

ശ്രീ. ടി. കെ. ഹംസ: ഷിപ്പിംഗ് കോർപ്പറേഷനിൽ ഇപ്പോൾ കപ്പലില്ലെന്നു പറഞ്ഞു. കോർപ്പറേഷനിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറും സ്റ്റാഫുകളുമൊക്കെ ഇപ്പോഴും നിലവിലുണ്ടോ; അവർക്കൊക്കെ ഇപ്പോഴും ശമ്പളം കൊടുത്തുവരുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: ഷിപ്പിംഗ് കോർപ്പറേഷന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത് ട്രാൻസ്പോർട്ട് സെക്രട്ടറി തന്നെയാണ്. അവിടെ ഡെപ്യൂട്ടിഷനിലുണ്ടായിരുന്ന സ്റ്റാഫുകളെ മുഴുവൻ പേരൻറ് ഡിപ്പാർട്ടുമെൻറിലേയ്ക്ക് തിരിച്ചയച്ചു. ഷിപ്പിംഗ് കോർപ്പറേഷൻ തനതായ നിയമനം നടത്തിയ എട്ടു സ്റ്റാഫുകളേ ഇപ്പോഴുള്ളൂ. ആ എട്ടു സ്റ്റാഫുകളുടെ സേവനം ഇപ്പോൾ അത്യന്താപേക്ഷിതമായതുകൊണ്ട് അവരെ 'കിൻകോ'യിൽ നിലനിറുത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. ഹംസ: ഷിപ്പിംഗ് കോർപ്പറേഷന്റെ കീഴിൽ തൊഴിലാളികളെ റിക്രൂട്ട് ചെയ്തിരുന്നോ? അങ്ങനെ വല്ല തൊഴിലാളികളും ഇപ്പോൾ നിലവിലുണ്ടോ? ആരെയെങ്കിലും ജോലിയില്ലാതെ പിരിച്ചു വിടേണ്ടിവന്നിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അങ്ങനെയുള്ളതായി എന്റെ കയ്യിലുള്ള രേഖകളിൽ കാണുന്നില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇപ്പോൾ കപ്പലില്ലാത്ത ഷിപ്പിംഗ് കോർപ്പറേഷന് പണ്ട് കൈരളിയെന്നൊരു കപ്പലുണ്ടായിരുന്നു. അത് നഷ്ടപ്പെട്ടുവെന്നാണ് അറിയുന്നത്. അതിന്റെ ഇന്നത്തെ സ്ഥിതിയെന്താണെന്ന് വല്ല വിവരവുമുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: 3-7-1979-ലാണ് ഈ കപ്പൽ കാണാതായത്. അതിനുശേഷം വിവിധ തലങ്ങളിൽ കൈരളിയെന്ന കപ്പൽ കണ്ടുപിടിക്കുന്നതിനുവേണ്ടി അന്വേഷണം നടത്താൻ എറെറവും അവസാനമായി ഒരു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ നിഗമനം ഈ കപ്പൽ ഇനി കണ്ടെത്താൻ നിർവ്വാഹമില്ലെന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കപ്പൽ നഷ്ടപ്പെട്ടാൽ കണ്ടുപിടിക്കുവാൻ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് വിദഗ്ദ്ധനാണെന്ന അടിസ്ഥാനത്തിലാണോ നിയോഗിച്ചത്; അതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ? അതുപോലെ കപ്പലിലെ ജോലിക്കാരായിരുന്ന ആളുകൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ഉണ്ട്. അന്വേഷണത്തിനുവേണ്ടി നേരത്തെ ഉണ്ടായിരുന്ന ഗവൺമെൻറാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിനെ നിയോഗിച്ചതും അന്വേഷണം നടത്തിയതും. കപ്പലിൽ നാൽപ്പത്തിയൊൻപത് ജീവനക്കാരും, ചീഫ് എഞ്ചിനീയറുടെ ഭാര്യയും കുഞ്ഞും ഉണ്ടായിരുന്നു. അൻപത്തിയൊന്നു പേർക്കുള്ള നഷ്ടപരിഹാരമായി 25.55 ലക്ഷം രൂപ കൊടുക്കുകയുണ്ടായി. വീണ്ടും ഗവൺമെൻറ് ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി 8.78 ലക്ഷം രൂപ അഡീഷണൽ കോമ്പൻസേഷനായിട്ട് കൊടുക്കുകയുണ്ടായി. ഇപ്പോൾ ഇതിനെ സംബന്ധിച്ച് അവരുടെ അവകാശികൾ കോടതിയിൽ കേസു കൊടുത്തിട്ടുണ്ട്. അതിന്റെ അവസാന തീരുമാനം ആയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കൈരളി എന്ന കപ്പൽ നഷ്ടപ്പെട്ടതിന്റെ ഫലമായി എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്? ആ

LIBRARY ARCHIVES Kerala Legislative Assembly

കപ്പലിനകത്ത് ആകെ എത്ര യാത്രക്കാരുണ്ടായിരുന്നു; അവർക്ക് എന്തു സംഭവിച്ചുവെന്നതിനെക്കുറിച്ച് വല്ല വിവരവും ഗവൺമെൻറിനുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: 13–2–1976–ലാണ് നോർവെയിൽ നിന്ന് അഞ്ചുകോടി മുപ്പതുലക്ഷം രൂപ വിലവരുന്ന കൈരളിയെന്ന കപ്പൽ വാങ്ങിയത്. ഈ കപ്പലിൽ ഇരുപത്തിയൊന്നു സിങ്കിംഗ് യാത്രകൾ നടത്തിയിട്ടുണ്ട്. ഇത് കാണാതായത് 3–7–1979–ലാണ്. ഈ കപ്പലിൽ ഉണ്ടായിരുന്ന നാൽപ്പത്തിയൊൻപത് ജോലിക്കാരും ചീഫ് എഞ്ചിനീയറുടെ ഭാര്യയും കുഞ്ഞുമാണ് കാണാതായത്. ഇതുവരെ അവരെയാരെയും കണ്ടുകിട്ടിയിട്ടില്ല. ഇതിന്റെ ഇൻഷ്വറൻസ് ക്ലെയിം അനുസരിച്ച് ആറുകോടി നാൽപ്പതുലക്ഷം രൂപ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൽ നിന്ന് ഷിപ്പിംഗ് കോർപ്പറേഷന് കിട്ടിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ കപ്പലിലെ യാത്രക്കാരിൽ പലരും മരിച്ചിട്ടില്ലെന്നും പല സ്ഥലത്തും ജീവിക്കുന്നുണ്ടെന്നും അവരുടെ ബന്ധുക്കൾക്ക് ഇപ്പോഴും കത്തുകൾ വന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള പത്രവാർത്തകൾ വരുന്നുണ്ട്. സരസനെപ്പോലുള്ള ഒരു സ്ഥിതി ഇക്കാര്യത്തിൽ ഉണ്ടാകുമോ? ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അങ്ങനെ ഒരു പത്രവാർത്ത കണ്ടു. പക്ഷേ അതിനെ സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാവുന്ന രീതിയിലുള്ള തെളിവുകളൊന്നുമില്ല. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെയുള്ള ഹതഭാഗ്യരായ ചില ആളുകളും ഇങ്ങനെ നഷ്ടപ്പെട്ടവരിൽ ഉണ്ട്.

ശ്രീ. ഇ. ജെ. ലൂക്കോസ്: കൈരളിയിലെ കാണാതായ ജീവനക്കാരുടെ ആശ്രിതർ ആനുകൂല്യങ്ങൾ ലഭിക്കുവാൻവേണ്ടി ഇപ്പോഴും നടക്കുന്നുണ്ടോ; അവർക്ക് പരമാവധി ആനുകൂല്യങ്ങൾ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ക്ലെയിംസുമായി വന്ന എല്ലാവർക്കും നേരത്തെ സൂചിപ്പിച്ച ആനുകൂല്യങ്ങൾ തുക കൊടുക്കുകയുണ്ടായി. പിന്നീട് കോടതിയിൽ പോവുകയും അവിടെനിന്ന് അഡീഷണൽ കോമ്പൻസേഷൻ കൊടുക്കണമെന്ന നിർദ്ദേശമുണ്ടാവുകയും ചെയ്ത പതിനാലു കേസ്സുകളിലും കോമ്പൻസേഷൻ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി കോടതിയിൽനിന്നു വരുന്ന വിധിയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഇവിടെ മന്ത്രി പറഞ്ഞത്, നമ്മുടെ ഷിപ്പിംഗ് കോർപ്പറേഷൻ കിൻകോയുമായിട്ട് അമാൽഗമേറ്റ് ചെയ്യാൻ പോവുകയാണെന്നാണ്. അതിന്റെ അർത്ഥം ഷിപ്പിംഗ് കോർപ്പറേഷൻ ഷിപ്പിംഗ് എന്ന ജോലി നിർത്തി അതിൽനിന്ന് പിൻതിരിയുകയാണെന്നാണോ? അതോ ആഭ്യന്തര ജല ഗതാഗത കോർപ്പറേഷൻ ഷിപ്പിംഗ് വ്യവസായത്തിലേക്ക് പ്രവേശിക്കുവാൻ പോവുകയാണെന്നാണോ? ഇതിൽനിന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്താണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: കേരളാ ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ തീരക്കടലിൽ സർവ്വീസ് നടത്തുന്നില്ല എന്നേയുള്ളൂ. അതൊഴിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ വിഭാവന ചെയ്ത ചരക്കു ഗതാഗതം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനും വിഭാവന ചെയ്തിട്ടുണ്ട്. അമാൽഗമേഷനുശേഷം ഇത്തരം നടപടികളും മുന്നോട്ടു കൊണ്ടുപോകണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഞാൻ ചോദിച്ചത്, ഷിപ്പിംഗ് ഏർപ്പാട് നിർത്തിയിട്ട് നമ്മുടെ സംസ്ഥാനത്തിന് അകത്തുള്ള നദീജല ഗതാഗതത്തിലേക്ക് തിരിച്ചു വരികയാണോ അതോ ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ഷിപ്പിംഗ് മേഖലയിലേക്ക് കടക്കുകയാണോ എന്നാണ്.

ശ്രീ. പി. കെ. വേലായുധൻ: എനിക്ക് ഇതിനെക്കുറിച്ച് ഇത്രയേ പറയുവാനുള്ളൂ; ഷിപ്പിംഗ് കോർപ്പറേഷന്റെ ലക്ഷ്യങ്ങളും ചരക്കുഗതാഗതം പ്രൊമോട്ട് ചെയ്യുകയെന്നുള്ളതായിരുന്നു. അത് ഉൾക്കടലിലുള്ള ഗതാഗതമായിരുന്നു. കിൻകോയാണെങ്കിൽ ഇൻലാൻഡ് ചരക്കു ഗതാഗതമാണ് ഉദ്ദേശിച്ചിട്ടുള്ളത്. എതായാലും ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ഉൾക്കടലിൽ ചരക്കു ഗതാഗതം നടത്താൻ ഉദ്ദേശിച്ചിരുന്നില്ല. വ്യഫ്. എ. സി. ടി. യിലേക്കും ടി. സി. സി. യിലേക്കും ഇപ്പോൾ സഫാറും അമോണിയയും ഒക്കെ കിൻകോ എത്തിച്ചുകൊണ്ടിരിക്കുന്നു. അമാൽഗമേഷനുശേഷം അത് കുറെക്കൂടി ശക്തമാക്കാൻ കഴിയുമെന്ന നിലയിലാണ് ഉദ്ദേശിച്ചിരുന്നത്.

ശ്രീ. ഇ. കെ. നായനാർ: നമ്മുടെ ഷിപ്പിംഗ് കോർപ്പറേഷൻ തകർന്നു പൊളിഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആഗസ്റ്റ് 29-ാം തീയതി നാഷണൽ ഷിപ്പിംഗ് ബോർഡിന്റെ യോഗം വിശാഖപട്ടണത്തിൽവച്ച് സമ്മേളിച്ചു. കൊച്ചി ഉൾപ്പെടെയുള്ള ഷിപ്പിംഗ് കോർപ്പറേഷനെപ്പറ്റിയും വ്യാപാരത്തെപ്പറ്റിയും ചർച്ചകൾ നടത്തി. കഴിഞ്ഞ ആറു മാസത്തിനകം 56.33 ലക്ഷം ടൺ ചരക്ക് കയറ്റുമതി ചെയ്തത് 52.71 ലക്ഷം ടൺ ആയി കുറഞ്ഞു. മാത്രമല്ല ഇവിടെ 40 ശതമാനത്തോളം വ്യാപാരം ഷിപ്പിംഗ് കോർപ്പറേഷനു കൊടുക്കാമെന്ന് ഇൻഡ്യാ ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് 37 ശതമാനമായി കുറച്ചിരിക്കുകയാണ്. കൊച്ചിൻ ഷിപ്പ്യാർഡിൽ കപ്പൽ നിർമ്മിക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. അതു പൂർണ്ണമായിട്ട് ഉപയോഗിക്കുന്നില്ല. വിദേശ ഫ്ളാഗ് ഉയർത്തിക്കൊണ്ടുള്ള കപ്പലുകൾക്കാണ് അധികം വ്യാപാരവും അനുവദിക്കുന്നത്. പൊതുമേഖലയിൽ വ്യക്തമായ സമീപനമല്ല സ്വീകരിക്കുന്നത് എന്നാണ് അവരുടെ റിപ്പോർട്ട്. അതുകൊണ്ട് ഇത് ഒന്നുകൂടി പഠിച്ച് (കൊച്ചിൻ ഷിപ്പ്യാർഡ് വികസിപ്പിക്കുന്നതിന് പകരം അതിന്റെ കപ്പാസിറ്റി കുറഞ്ഞു വരുന്നതിനെ സംബന്ധിച്ച്) അത് അടിയുദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഈ ഗവൺമെൻറ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി. കെ. വേലായുധൻ: വിശദാംശങ്ങൾ ശേഖരിച്ച് പരിശോധിച്ച് ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: നമ്മുടെ ഷിപ്പിംഗ് കോർപ്പറേഷൻ വിദേശങ്ങളിലേക്ക് ഷിപ്പിംഗിനുവേണ്ടി തുടങ്ങിയതാണ്. എന്നാൽ ഗവൺമെൻറ് അതിൽ നിന്ന് പിന്നോട്ടു പോവുകയാണുണ്ടായത്. കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്, മറൈൻ ഡവലപ്പ്മെൻറ് കോർപ്പറേഷനെ പ്രവർത്തനം ഷിപ്പിംഗ് കോർപ്പറേഷനെ ഏൽപ്പിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ വടക്കൻ മേഖലയിൽ വിമാനത്താവളമില്ല, അവിടെ റോഡുകൾക്ക് വീതി കുറവാണ്, പൊല്യൂഷന്റെ പ്രശ്നമുണ്ട്. കേരളത്തിലെ വടക്കൻ—തെക്കൻ മേഖലയിലുള്ള ആളുകൾക്ക് കോസ്റ്റൽ ഷിപ്പിംഗിനുവേണ്ടി കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ആലോചിച്ച ഹോവർ ക്രാഫ്റ്റ്—കരയിലും വെള്ളത്തിലും ഓടുന്ന ഹോവർ ക്രാഫ്റ്റ് എക്യുപ്മെൻറ് ഏർപ്പെടുത്താനുള്ള നടപടി എടുക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അമാൽഗമേഷനു ശേഷം മാത്രമേ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ നിർവ്വാഹമുള്ളൂ.

കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത

* 449 [479] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, മണിമംഗലത്തു കുട്ട്യാലി:

,, തോപ്പിൽ രവി:

,, പി. പി. തങ്കച്ചൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) കൈത്തറി തൊഴിലാളികളുടെ മിനിമംകൂലി നിജപ്പെടുത്തിയിട്ടുണ്ടോ;

(സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളികൾ എത്രയെന്നു പറയുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) കൈത്തറി ഡയറക്ടറേറ്റ് കൈത്തറി തൊഴിലാളികളുടെ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് അവർക്ക് തൊഴിൽ ഭദ്രത ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ കൈത്തറി സഹകരണ മേഖലയിൽ ഇപ്പോൾ ഏകദേശം ഒരു ലക്ഷത്തി നാൽപ്പതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, കൈത്തറി മേഖലയിൽ ഖാദി ബോർഡും കേരള സർവ്വോദയ സംഘവും നടത്തുന്ന കൈത്തറി മേഖലയിൽ—ജോലി ചെയ്യുന്ന കൈത്തറിത്തൊഴിലാളികൾക്ക് ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly